LIBRARY ARCHIVES Kerala Legislative Assembly

ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എടുത്ത പോലീസ് നടപടി

157 (162) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എത്ര പോലീസ് ലാത്തിച്ചാർജ്ജ്, ടിയർഗ്യാസ് ഷെൽ പ്രയോഗം, ജലപീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ പൊതുനിരത്തുകളിൽ പ്രകടനം നടത്തിയതിന് എത്രപേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനകീയ പ്രക്ഷോഭങ്ങൾക്കുനേരെ പോലീസ് ലാത്തിചാർജ്ജ് ടിയർഗ്യാസ് ഷെൽ പ്രയോഗം, ജലപീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടില്ല. എന്നാൽ പ്രക്ഷോഭങ്ങൾ അക്രമാസക്തമാകുന്ന വേളയിൽ പോലീസ് നടപടിയുടെ ഭാഗമായി ഈ കാലയളവിൽ 33 ലാത്തിച്ചാർജ്ജും, 70 ജലപീരങ്കി പ്രയോഗവും 88 ടിയർഗ്യാസ് ഷെൽ പ്രയോഗവും നടത്തിയിട്ടുണ്ട്.

(ബി) ഈ കാലയളവിൽ പൊതുനിരത്തുകളിൽ പ്രകടനം നടത്തിയതിന് 4,53,834 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

(സി) പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ, ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയി ആരോപിച്ച് കൊണ്ടുള്ള 8 പരാതികൾ ലഭിച്ചിട്ടുണ്ട്.

അഴിമതി കേസുകൾ

158 (163) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര അഴിമതി കേസുകളാണ് നിലവിലുള്ളത് ;

(ബി) 2013-14, 2014-15 എന്നീ വർഷങ്ങളിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തതെന്ന് അറിയിക്കാമോ ?